പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1374 03/12/2018-ൽ മറുപടിക്ക്

<u>സംരക്ഷിതാദ്ധ്യാപകരുടെ പുനർവിന്യാസം</u>

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. കെ.എസ്. ശബരീനാഥൻ: | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ നിന്നും സംരക്ഷിതാദ്ധ്യാപകരായി ഈ വർഷം എത്ര പേരുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) 2018-2019 ൽ ആകെയുള്ള സംരക്ഷിത ജീവനക്കാരുടെ എണ്ണം 3862 ആണ്. ഇതിൽ 3772 പേർ അധ്യാപകരും 90 പേർ അനധ്യാപകരുമാണ്. |
| (ബി) ഒൻപത്, പത്ത് എന്നീ ക്ലാസ്സുകളിലെ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതത്തിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ അതുമൂലം എത്ര അദ്ധ്യാപകരെ സംരക്ഷിക്കുവാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ; | (ബി) ഇല്ല |
| (സി) എയ്ഡഡ് സ്കൂളിൽ അദ്ധ്യാപക ബാങ്കിൽ നിന്നും സംരക്ഷിതാദ്ധ്യാപകരെ പുനർവിന്യസിക്കുന്നതിന് ഹൈക്കോടതിയുടെ വിലക്ക് നിലവിലുണ്ടോ? | (സി) ഉണ്ട് |
| (ഡി) ഉണ്ടെങ്കിൽ പ്രസ്തുത വിലക്ക് നീക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ഡി) ഹൈക്കോടതിയിൽ കേസ് നടത്തിപ്പിന് ആവശ്യമായ നടപടികളെല്ലാം പൂർത്തിയാക്കിയിട്ടുണ്ട്. |
| (ഇ) പി.എസ്.സി റാങ്ക് പട്ടിക ഇല്ലാത്ത വിഷയങ്ങളിലെ ഒഴിവുകളിലേക്ക് സംരക്ഷിതാദ്ധ്യാപകരെ പുനർവിന്യസിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ പി.എസ്.സി റാങ്ക് പട്ടിക നിലവിൽ വരുമ്പോൾ ഇത്തരം അദ്ധ്യാപകരെ പിൻവലിച്ച് പി.എസ്.സി റാങ്ക് ലിസ്റ്റിലുള്ളവർക്ക് നിയമനം നൽകുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ? | (ഇ) പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത ജില്ലകളിൽ സർക്കാർ സ്കൂളുകളിലെ ഒഴിവുകളിൽ സംരക്ഷിതാദ്ധ്യാപകരെ താല്ക്കാലികമായി പുനർവിന്യസിക്കുന്നുണ്ട്. ഇത്തരം ജില്ലകളിൽ പി.എസ്.സി ലിസ്റ്റ് പ്രസിദ്ധീകരിച്ചാലുടൻ തന്നെ പുനർവിന്യസിക്കപ്പെട്ട സംരക്ഷിതാദ്ധ്യാപകരെയെല്ലാം പ്രസ്തുത സ്കൂളിൽ നിന്ന് മാറ്റുവാനും വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് കർശന നിർദേശം നൽകിയിട്ടുണ്ട്.ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെട്ടാൽ ജില്ലയിലെ ഒരു സർക്കാർ സ്കൂളിലും പ്രസ്തുത വിഷയത്തിൽ ഒരു സംരക്ഷിതാദ്ധ്യാപകനും ഉണ്ടാകില്ല എന്നുറപ്പ് വരുത്തുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**